# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **5470** **01.07.2014** ൽ മറുപടിയ്ക്ക്

## നാദാപുരം നിയോജകമണ്ഡലത്തിലെ ക്വാറികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. ഇ.കെ. വിജയൻ** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | നാദാപുരം നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | എല്ലാ ലൈസൻസുകളോടും കൂടി 12 കരിങ്കൽ ക്വാറികൾ പ്രവർത്തിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ക്വാറികളിൽ പരിസ്ഥിതി ലോല പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്നവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | പരിസ്ഥിതി ലോല പ്രദേശങ്ങളിൽ ക്വാറികൾ ഒന്നും പ്രവർത്തിക്കുന്നില്ല. |
| (സി) | ഇതിൽ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ള ക്വാറികളുടെ വിശദാംശം നൽകാമോ; | (സി) & (ഡി) | കസ്തൂരിരംഗൻ റിപ്പോർട്ട് നിലവിൽ വന്നതിനുശേഷം ടി വില്ലേജിൽ ക്വാറികൾക്കൊന്നും ഖനനാനുമതി പുതുക്കി നൽകിയിട്ടില്ല. |
| (ഡി) | ഏത് മാനദണ്ഡം അനുസരിച്ചാണ് ലൈസൻസ് പുതുക്കിനൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | | |
| (ഇ) | അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഇ) | അനധികൃതക്വാറികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ